# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 904

30/06/2015 -ൽ മറുപടിക്ക്

### കനോലി കനാൽ ജലഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ദേശീയ ജലപാതയായ കനോലി കനാൽ ജല ഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതി പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ കോഴിക്കോട് ജില്ലയിലെ വടകരവരെ 208 കി.മീ ദൈർഘ്യത്തിലുള്ള ജലപാതയാണ് കനോലി കനാൽ എന്നറിയപ്പെടുന്നത്. പ്രസ്തുത ജലപാതയിൽ പ്രകൃത്യായുള്ള ജലപാതകളും നിർമ്മിത കനാലുകളും പി. സി. കനാൽ, റ്റി.കെ. കനാൽ, കനോലി കനാൽ, ബി.കെ. കനാൽ, ഇ.കെ.കനാൽ, പയ്യോളി കനാൽ തുടങ്ങിവയവ ഉൾപ്പെടുന്നു. നിലവിൽ ഇത് സംസ്ഥാന ജലപാതയാണ്. എന്നാൽ പ്രസ്തുത കനാൽ ദേശീയ ജലപാതയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷനിലും സംസ്ഥാന ഫണ്ടിലും ഉൾപ്പെടുത്തി വിവിധ ഭാഗങ്ങളിലായി 15.54 കി.മീ നീളത്തിൽ 7 പ്രവൃത്തികൾ നടന്നുവരുന്നു. ഇതിൽ റ്റി.കെ. കനാലിൽ 2 പ്രവൃത്തികൾ പൂർത്തീകരിക്കുകയും മറ്റൊരു പ്രവൃത്തി ഇ.കെ.കനാലിൽ 85% പൂർത്തിയാക്കി സാങ്കേതിക പ്രശ്നത്താൽ ടെർമിനേറ്റ് ചെയ്തു. മറ്റ് 2 പ്രവൃത്തികൾ (ഒന്ന് റ്റി.കെ.കനാലിലും മറ്റൊന്നു പി.സി. കനാലിലും) പൂർത്തീകരണത്തോടടുക്കുന്നു. ബി.കെ. കനാലിൽ 2 പ്രവൃത്തികൾ പുരോഗതിയിലുമാണ്. |

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയെന്നും എത്രതുക വിനിയോഗിച്ചെന്നും വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾക്കായി 3031 ലക്ഷം രൂപ വകയിരുത്തുകയും 430 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 268 ലക്ഷം, രൂപയുടെ പെന്റിംഗ് ബില്ലുകളും സമർപ്പിച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽ കനാലിന്റെ പ്രവൃത്തി ഏതുഘട്ടം വരെ പൂർത്തിയായിട്ടുണ്ട്;

(സി) മലപ്പുറം ജില്ലയിൽ കനോലി കനാലിന്റെ 1320 മീറ്റർ നീളം പുരോഗമന പ്രവൃത്തികൾ പൂർത്തിയായി.

(ഡി) ശേഷിക്കുന്ന ഭാഗം ഇരുകരകളും കെട്ടി സംരക്ഷിക്കുന്ന പ്രവർത്തി എന്ന് ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ?

(ഡി) ശേഷിക്കുന്ന ഭാഗങ്ങളുടെ വീതി കൂട്ടി പാർശ്വഭിത്തികൾ സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ